## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5825 — 30.07.2015-ൽ മറുപടിയ്ക്ക്

# സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ :

(എ) ശബരിഗിരി ജലവൈദ്യുത നിലയത്തിന്റെ തകരാറിന്റെ പേരിൽ സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ യൂണിറ്റ് ഒന്നിന് എത്ര രൂപ വച്ചാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരത്തിൽ വൈദ്യുതി വാങ്ങിയതിന്റെ പേരിൽ പ്രതിദിനം എത്ര തുക അധിക ബാദ്ധ്യതയുണ്ടായി ; പ്രസ്തുത തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) 2015 മെയ് മാസം 4- ാം തീയതി മുതൽ 6- ാം തീയതി വരെ ശബരിഗിരി നിലയത്തിന്റെ പെൻസ്റ്റോക്കിലെ അത്യാവശ്യ അറ്റകുറ്റ പണികൾക്കായി ടി നിലയത്തിലെ ഉൽപ്പാദനം നിർത്തുകയും പ്രസ്തുത സമയത്ത് വൈദ്യുതിയുടെ ആവശ്യകതയ്ക്കനുസരിച്ച് ബി.എസ്.ഇ.എസ്.-ൽ നിന്നും 5.215 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിന് ഇന്ധന വിലയായി യൂണിറ്റ് ഒന്നിന് 12.32 രൂപയാണ് നൽകിയത്.

| തീയതി | യൂണിറ്റ് | ഇന്ധനവില (രൂപ) |
|---|---|---|
| 04.05.2015 | 0.6233 മില്യൺ യൂണിറ്റ് | 7679056 |
| 05.05.2015 | 2.4758 മില്യൺ യൂണിറ്റ് | 30501856 |
| 06.05.2015 | 2.1163 മില്യൺ യൂണിറ്റ് | 26072816 |

താപ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നതു മൂലമുള്ള അധിക ബാധ്യത നിറവേറ്റുന്നതുമായി ബന്ധപ്പെട്ട് മൂന്നു മാസത്തിലൊരിക്കൽ കെ. എസ്. ഇ. ബോർഡ് റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്യുന്ന തെർമൽ സർചാർജ്ജിനായുള്ള അപേക്ഷയിൽ ഈ ചെലവു

കൂടി ഉൾപ്പെടുത്തുന്നതാണ്. റഗുലേറ്ററി കമ്മീഷനാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

| | | | |
|---|---|---|---|
| (സി) | കായംകുളം താപവൈദ്യുത നിലയം, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയം എന്നിവിടങ്ങളിൽ നിന്നും യൂണിറ്റൊന്നിന് എത്ര രൂപയ്ക്കാണ് വൈദ്യുതി വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | കായംകുളം താപ വൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുകയാണെങ്കിൽ ഇപ്പോഴത്തെ ഇന്ധനവില അനുസരിച്ച് യൂണിറ്റ് ഒന്നിന് 8.69 രൂപയാകും. ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം വൈദ്യുതി ബോർഡ് നേരിട്ടു നടത്തുന്നതാണ്. |
| (ഡി) | കേന്ദ്ര വിഹിതമായി എത്ര വൈദ്യുതി ലഭിക്കുന്നുണ്ട് ; പവ്വർ ട്രേഡർമാരിൽ നിന്നും എത്ര വൈദ്യുതി വാങ്ങുന്നുണ്ടെന്ന് വിശദമാക്കുമോ ? | | കേന്ദ്രവിഹിതമായി 2015 മേയ് മാസത്തിൽ 997.108 മില്യൺ യൂണിറ്റ് വൈദ്യുതി ലഭിച്ചിട്ടുണ്ട്. 2015 മേയ് മാസത്തിൽ പവ്വർ ട്രേഡർമാർ വഴി 139.909 മില്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.